# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# കീഴരിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P10/2025/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴരിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P10/2025/24 തീയ്യതി: 23/12/2024

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2023 മുതൽ 25-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നന്ദന എസ് പിള്ള കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 26-11-2024 | 03-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-11-2024 | 03-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി രബിത. ടി.പി, ഓഡിറ്റ് ഓഫീസർ.

ശ്രീമതി ദിശ ആർ.കെ, അസിസ്റ്റൻ്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ. സഹദ് ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
കുമാരി. അയന. എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ. കെ നിർമ്മല | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ അൻസാർ കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത എൻ | അസിസ്ററൻറ് എഞ്ചിനീയർ | 01-04-2023 | 19-05-2023 |
| ശ്രീ മുഹമ്മദ് റോഷൻ | അസിസ്ററൻറ് എഞ്ചിനീയർ | 20-05-2023 | 13-07-2023 |
| ശ്രീമതി ദീപ .ടി.എ | അസിസ്ററൻറ് എഞ്ചിനീയർ | 14-07-2023 | 31-03-2024 |
| ഡോ.മുഹമ്മദ് അഷ്റഫ് | മെഡിക്കൽ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ലവീന ടി.ടി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 30-06-2023 |
| ഡോ. രമ്യ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-07-2023 | 31-03-2024 |
| ഡോ. ആൻസി ബി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2023 | 31-03-2024 |
| ശ്രീ മൊയ്തീൻ ഷാ എൻ.കെ | കൃഷി ഓഫീസർ | 01-04-2023 | 29-11-2023 |
| ശ്രീമതി ഫാത്തിമ ഷഹാന സി.പി | കൃഷി ഓഫീസർ | 30-11-2023 | 14-12-2023 |
| ശ്രീമതി അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 15-12-2023 | 31-03-2024 |
| ശ്രീ മോഹനൻ വി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി അനുശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( കൊഴുക്കല്ലൂർ) | 01-04-2023 | 31-03-2024 |
| ശ്രീമതി ശബ്ന്നം സി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. അമ്പിളി എൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രിയ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ.ധനേഷ്.വി. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | തൊഴിലുറപ്പ് പദ്ധതി ചെലവ് ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു | 1-1-3 |
| 5 | പലിശയിനത്തിലെ തുക തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല | 1-1-5 |
| 7 | ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ക്ഷേമ പദ്ധതികൾ | 1-6 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 15 | ബാങ്ക് റീകൺസിലിയേഷനിലെ അപാകതകൾ | 1-8 |
| 16 | തറ നിർമിതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി വർദ്ധനവ് വരുത്തിയില്ല - നികുതി നഷ്ടം | 1-9 |
| 17 | പാരിസ്ഥിതിക അനുമതി ഇല്ലാത്ത ക്വാറികൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുന്നു. | 1-10 |
| 18 | ക്വാറികൾ നടത്തിയ സി.എസ്.ആർ/ സി.ഇ.ആർ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമല്ല | 1-11 |
| 19 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-12 |
| 20 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിക്കാത്തതിന്റെ വിശദാംശങ്ങൾ | 1-13 |
| 21 | അജൈവ മാലിന്യ സംസ്കരണ പദ്ധതി -അപാകതകൾ | 1-14 |
| 22 | മാലിന്യ നീക്കത്തിന് വാഹന വാടക നൽകൽ - നിരക്ക് നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല/ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-15 |
| 23 | മറ്റ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ - തുക റീ ക്ലപ്പ് ചെയ്യുന്നില്ല | 1-16 |

| | | |
|---|---|---|
| 24 | ഹൈമാസ്റ്റ് ലൈറ്റ് എ.എം.സി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-17 |
| 25 | ആർജ്ജിതാവധി – അനുവദിച്ച അവധികൾ ലീവ് അക്കൗണ്ടിൽ കുറവ് ചെയ്തില്ല | 1-18 |
| 26 | സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി - സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ അപാകത | 1-19 |
| 27 | ഫ്ലോംവർക്കിന്റെ ആവശ്യം പരിഗണിക്കാതെ നിരക്കുൾപ്പെടുത്തുന്നു | 1-20 |
| 28 | ഒറോക്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 29 | നിർമ്മാണപ്രവർത്തികളുടെ ഇൻഷ്വറൻസ് ലഭ്യമാക്കിയില്ല | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ- വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.05.2024 തീയതിയിലെ 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 06.12.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം : കോഴിക്കോട്

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

**1-1-3 തൊഴിലുറപ്പ് പദ്ധതി ചെലവ് ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു**

തൊഴിലുറപ്പ് പദ്ധതിയിലൂടെ "തൊഴിലാളികൾക്ക് നൽകുന്ന വേതനം" എന്ന ഇനത്തിൽ വരുന്ന ചെലവ് POVERTY ALLEVIATION എന്ന ഹെഡിൽ I-14(C) യിലും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് I-14 (F) ലുമായിരുന്നു രേഖപ്പെടുത്തേണ്ടിയിരുന്നത്. ഇതിനു പകരം മുഴുവൻ ചെലവ് തുകയും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് I-14 (F) എന്ന ഹെഡിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-4 പലിശയിനത്തിലെ തുക തെറ്റായി രേഖപ്പെടുത്തി**

സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഫണ്ട് അക്കൗണ്ട് ഹെഡിൽ പലിശ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. സാമ്പത്തിക വർഷത്തിൽ ആകെ 4 തവണകളിലായി 109822/- രൂപ പലിശയിനത്തിൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. എന്നാൽ ഈ തുക ബാങ്ക് ബുക്കിൽ രസീത് ചെയ്തപ്പോൾ തെറ്റായി 134452/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 24630/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

**1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല**

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 17000/- രൂപയും കോൺട്രാക്ടേഴ്സ് റീടെൻഷൻ എന്ന ഇനത്തിൽ 74145/- രൂപയും നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മുഴുവനായും കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റും കോൺട്രാക്ടേഴ്സ് റീടെൻഷൻ തുകയും തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

**1-1-6 ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല**

മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ റോഡ് ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയാണ് I-14 E ഷെഡ്യൂളിൽ കാണിക്കേണ്ടത്. മെയിന്റനൻസിനു വേണ്ടി ചെലവഴിച്ച തുകയ്ക്കു പുറമേ അനുബന്ധ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വാങ്ങലുകൾ ഉൾപ്പെടെയുള്ള ചെലവുകൾ ഈ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കണം. മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ റോഡ് എന്നീ ഫണ്ടുകളിൽ നിന്ന് ഇൻകം ആക്കി മാറ്റുന്ന തുക I-6 ഷെഡ്യൂളിൽ ആണ് ഉണ്ടാവുക. ഇപ്രകാരം ഇൻകം ആക്കി മാറ്റിയ തുകയ്ക്ക് തുല്യമായ തുക I-14 E ഷെഡ്യൂളിലും ചെലവായി കാണിക്കേണ്ടതാണ്. എന്നാൽ I-14 E ഷെഡ്യൂളിൽ ചെലവ് തുകകൾ രേഖപ്പെടുത്തുന്നില്ല.

## 1-1-7 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023 - 24 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവയും ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതാണ്. ഡിമാന്റ് രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ “110100101-Property Tax On Residential Building” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non-Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ, 01/04/23 മുതൽ 31/03/2024 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക ഒരു തവണ (31/03/2024) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു എന്ന് കാണുന്നു.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20/03/2023 തിയ്യതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 12,62,318 |
| വരവ് | 21,60,51,670 |
| ആകെ | 21,73,13,988 |
| ചെലവ് | 21,51,87,970 |
| നീക്കിയിരിപ്പ് | 21,26,018 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,27,49,863 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 2,70,52,988 |
| ആകെ | 3,98,02,851 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,54,96,393 |
| നീക്കിയിരിപ്പ് | 1,43,06,458 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12022000 | 12022000 | 11421888 | 600112 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3148000 | 3148000 | 3148000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 3819350 | 3819350 | 133853 | 3685497 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2149400 | 2149400 | 1864670 | 284730 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 995578 | 2125452 (1991000 + പലിശ 134452) | 3121030 | 2431732 | 689298 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 2598192 | 1493000 | 4091192 | 2080614 | 2010578 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 134 | 91 | 16 | 27 | 67.91 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2697400 |
| വിധവാപെൻഷൻ | 7774700 |
| വാർദ്ധക്യകാലപെൻഷൻ | 13417900 |

| | |
|---|---|
| വികലാംഗപെൻഷൻ | 2367100 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 455200 |

**1-7 ക്യാഷ് ബാലൻസ് പരിശോധന**

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-11-2024 തീയതിയിൽ 11 ന് രാവിലെ സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2100/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

**1-8 ബാങ്ക് റീകൺസിലിയേഷനിലെ അപാകതകൾ**

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ, പയ്യോളി ട്രഷറിയിലെ തനത് ഫണ്ട് (നമ്പർ : 724) അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ കണ്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

(1) 2023 ഒക്ടോബർ മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ 4126068, 4126070 ചെക്കുകൾ മുഖേന 31-10-23 ന് യഥാക്രമം പിൻവലിച്ച 16790, 83368 എന്നീ തുകകൾ "DIRECTLY DEBITED BY BANK " എന്ന് കാണിച്ചിരിക്കുന്നു. ടി തുകകൾ ദിവസങ്ങൾ കഴിഞ്ഞ് യഥാക്രമം 3/12/2023, 24/1/23 എന്നീ തീയതികളിലായി ബാങ്ക് ബുക്കിൽ പേയ്മെന്റ് രേഖപ്പെടുത്തിയതായി കാണാം. ചെക്ക് കൈമാറുന്ന സമയം തന്നെ പേയ്മെന്റ് വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപെടുത്താത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്.

(2) 2023 ഡിസംബർ മാസത്തിലെ റീകൺസിലിയേഷൻ പത്രികയിൽ ചെക്ക് നമ്പർ 4126068 മുഖേന പിൻവലിച്ച തുകയായ 16790/- രൂപ തന്നെ "CHEQUE ISSUED BUT NOT PRESENTED INTO BANK" എന്ന ശീർഷകത്തിലും DIRECTLY DEBITED BY BANK എന്ന ശീർഷകത്തിലും ചേർത്തിരിക്കുന്നു.

(3) വരവുകൾ യഥാസമയം രേഖപ്പെടുത്താത്തതിനാൽ ബാങ്ക് ബുക്കിൽ മൈനസ് ബാലൻസ് നിലനിൽക്കുന്നു. ട്രഷറി അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ ഏപ്രിൽ മാസം 170575/- രൂപയുടെയും മെയ് മാസം 1061761/- രൂപയുടെയും ഓഗസ്റ്റ് മാസം 227172/- രൂപയുടെയും മൈനസ് ബാലൻസ് ആണ് നീക്കിയിരിപ്പ് ആയി കാണിച്ചിരിക്കുന്നത്.

**1-9 തറ നിർമിതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി വർദ്ധനവ് വരുത്തിയില്ല – നികുതി നഷ്ടം**

വാർഡ് നമ്പർ 13 ൽ ശ്രീ ഷഹീം മൂലത്ത് എന്നയാൾക്ക് Sc3 /458 /2023 Dtd- 01 /02 /2023 പെർമിറ്റ് പ്രകാരം പെർമിറ്റ് നൽകിയ കെട്ടിടത്തിന് 351/ A എന്ന കെട്ടിട നമ്പർ നൽകുകയും 2023-24 വർഷം ആദ്യ പകുതി മുതൽ വസ്തു നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 262.04 ചതുരശ്ര മീറ്റർ ആണ്. വസ്തു നികുതി ചട്ടങ്ങൾ പ്രകാരം തറ നിർമിതിയുടെ തരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ ആണെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. കെട്ടിട ഉടമ നൽകിയ ഫോം 2 പ്രകാരം ടി കെട്ടിടത്തിന്റെ തറ നിർമിതി ഉയർന്ന തരത്തിലുള്ളതാണ്. കെട്ടിട ഉടമ ലഭ്യമാക്കിയ ഫോം 2 ന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വർദ്ധനവ് വരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. മറ്റ് കെട്ടിടങ്ങളുടെ നികുതി കണക്കാക്കുമ്പോൾ ഇത്തരത്തിലുള്ള പിഴവുകൾ കാരണം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച്, അങ്ങനെയുള്ള കെട്ടിടങ്ങളുടേതടക്കം നികുതി പുനർനിർണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

**1-10 പാരിസ്ഥിതിക അനുമതി ഇല്ലാത്ത ക്വാറികൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുന്നു.**

പഞ്ചായത്ത് പരിധിയിൽ നിലവിൽ നടുവത്തൂർ സ്റ്റോൺ ക്രഷർ (ആനപ്പാറ ക്വാറി), പയ്യോളി ഗ്രാനൈറ്റ്സ് (തങ്കമല ക്വാറി) എന്നീ ക്വാറികൾക്കാണ് FACTEOS ലൈസൻസ് അനുവദിച്ച് നല്കിയിരിക്കുന്നത്. 15.3.2010 ലെ 78327/ RC3/09/LSGD സർക്കുലർ പ്രകാരം FACTEOS ലൈസൻസ് അനുവദിക്കുന്നതിന് മുന്നോടിയായി ഖനന ഭൂവിജ്ഞാന വകുപ്പിൽ നിന്നുള്ള ഖനന അംഗീകാരം, റവന്യൂ വകുപ്പിൽ നിന്നുമുള്ള ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ, ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽ നിന്നും ലഭിച്ച അനുമതി, പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം സംബന്ധിച്ച സർട്ടിഫിക്കറ്റ്, സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റിയുടെ (SEIAA) പാരിസ്ഥിതിക അനുമതി എന്നിവ ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റിയുടെ (SEIAA) വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ ആകെ 3 ക്വാറികളാണ് പാരിസ്ഥിതിക അനുമതി (ഇ.സി) നേടിയിരിക്കുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sl.No | CLEARENCE NO | ക്വാറിയുടെ വിശദാംശം |
|---|---|---|
| 1 | 42/L/2020 | ശ്രീവത്സൻ പി, SURVEY.NO: 77/1 ൽ .3158 ഹെക്ടർ വിസ്തീർണ്ണത്തിൽ ലാറ്ററൈറ്റ് സ്റ്റോൺ ക്വാറി |
| 2 | 39/L/2020 | ശ്രീ ഷാജി പി.സി, SURVEY .NO: 77/1 ൽ .4010 ഹെക്ടർ വിസ്തീർണ്ണത്തിൽ ലാറ്ററൈറ്റ് സ്റ്റോൺ ക്വാറി |
| 3 | 112/Q/2022 | ശ്രീ. ഐസക്ക് ജേക്കബ്, SURVEY .NO:80/1A, 81/2 ൽ 4.9237 ഹെക്ടർ വിസ്തീർണ്ണത്തിൽ ഗ്രാനൈറ്റ് ക്വാറി |

മുകളിൽ കൊടുത്തിരിക്കുന്നതിൽ ക്രമ നമ്പർ 3 ൽ പ്രതിപാദിച്ച ശ്രീ ഐസക്ക് ജേക്കബിന്റെ ഉടമസ്ഥതയിലുള്ള ക്വാറിക്ക് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നത്. SEIAA വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്യപ്പെടാത്ത ശ്രീ. മുഹമ്മദ് ഇസ്മയിൽ മക്കി എന്ന വ്യക്തിയുടെ പേരിൽ റി.സ നം : 44/1, 45/1,2 ൽ നടുവത്തൂർ സ്റ്റോൺ ക്രഷർ (ആനപ്പാറ ക്വാറി) എന്ന മറ്റൊരു സ്ഥാപനം കൂടെ പഞ്ചായത്ത് പരിധിയിൽ FACTEOS ലൈസൻസോടെ പ്രവർത്തിച്ചു വരുന്നുണ്ട്. മറ്റ് രണ്ട് ക്വാറികളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് ലൈൻസ് അനുവദിച്ച 2 ക്വാറികളിൽ ഒന്നായ നടുവത്തൂർ സ്റ്റോൺ ക്രഷറിന് 2018 ലാണ് പഞ്ചായത്ത് ആദ്യമായി ലൈസൻസ് അനുവദിച്ചു നൽകിയത്. ഈ ലൈസൻസ് വർഷാവർഷം പുതുക്കിപ്പോരുകയും നിലവിൽ 253/2023 നമ്പറിൽ 2025 വരെ ടി സ്ഥാപനത്തിന് ലൈസൻസ്

അനുവദിച്ചിട്ടുമുണ്ട്. എന്നാൽ പഞ്ചായത്തിൽ ലൈസൻസിന് അപേക്ഷിച്ച സമയത്ത് സ്ഥാപന ഉടമ ഹാജരാക്കിയ 108/2018 നമ്പറിൽ ലഭിച്ച പാരിസ്ഥിതികാനുമതിയുടെ രേഖകൾ നിലവിൽ SEIAA വെബ്സൈറ്റിൽ ലഭ്യമല്ല. ആയതിനാൽ പഞ്ചായത്തിൽ ലൈസൻസി ഹാജരാക്കിയ പാരിസ്ഥിതികാനുമതിയുടെ സാധുത പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മാത്രമല്ല മേൽ പരിസ്ഥിതികാനുമതിയുടെ കാലാവധി 6.9.23 ന് അവസാനിച്ചിട്ടുമുണ്ട്. നിലവിൽ പാരിസ്ഥിതിക അനുമതി ഇല്ലാത്ത ടി സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നല്കിയിരിക്കുന്നത് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ 1807 (E) Dtd 12/04/2022 നമ്പർ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷനിലെ ഉപഖണ്ഡിക 4 ൽ മൈനിങ് പ്ലാൻ പ്രകാരം ഖനനത്തിന് അംഗീകാരം നിലവിലുള്ള കാലം വരെ പരിസ്ഥിതികാനുമതിയുടെ കാലാവധി നീട്ടിനൽകാമെന്ന് പറയുന്നുണ്ട്. ഇതേ നോട്ടിഫിക്കേഷനിലെ ഉപഖണ്ഡിക 5 പ്രകാരം ക്വാറി ഉടമ ബന്ധപ്പെട്ട പ്രൊഫോമയിൽ അപേക്ഷ നൽകിയാൽ മാത്രമേ പരിസ്ഥിതികാനുമതി കാലാവധി നീട്ടിനൽകാൻ പാടുള്ളൂ എന്നും വ്യക്തമാക്കുന്നുണ്ട്. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ 14/09/2006 തീയതിയിൽ പുറപ്പെടുവിച്ച EIA NOTIFICATION 1533(E) ഖണ്ഡിക 9 ൽ പരിസ്ഥിതികാനുമതിയുടെ കാലാവധി നീട്ടിനൽകാനായുള്ള അപേക്ഷ നൽകേണ്ട നടപടിക്രമങ്ങളെ കുറിച്ച് വിവരിക്കുന്നുണ്ട്. ഖണ്ഡിക പ്രകാരം നിലവിലെ പരിസ്ഥിതികാനുമതിയുടെ വാലിഡിറ്റി അവസാനിക്കുന്നതിനു മുന്നേ ക്വാറി ഉടമ റെഗുലേറ്ററി അതോറിറ്റിക്ക്( ഇവിടെ SEIAA ) മുൻപാകെ പുതുക്കിയ ഫോറം 1, 1A എന്നീ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമാണ് SEIAA പരിസ്ഥിതികാനുമതിയുടെ കാലാവധി നീട്ടി നൽകുന്നത്. പാരിസ്ഥിതിക അനുമതി സ്വയമേവ പുതുക്കപ്പെടുന്നില്ല എന്നും പുതുക്കപ്പെടുന്നുണ്ടെന്ന അനുമാനത്തിൽ പഞ്ചായത്തിന് ലൈസൻസ് നൽകാനാവില്ല എന്നും ഇതിൽ നിന്നും വ്യക്തമാണ്.

ക്വാറി ഉടമ SEIAA മുൻപാകെ 6/9/2023 ന് മുമ്പേ അപേക്ഷ ഫയൽ ചെയ്തതാണോ എന്നും അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതികാനുമതി പുതുക്കിയതാണോ എന്നും അന്വേഷിച്ചറിയാതെ എന്ത് അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചത് എന്ന് വ്യക്തമല്ല. പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220 (ഡി) യിലെ വ്യവസ്ഥകൾ പ്രകാരം യാതൊരാളും പൊതുവഴിയിലോ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതോ അതിന്റെ വകയായിട്ടുള്ളതോ ആയ മറ്റു സ്ഥാവര വസ്തുവിലോ നിന്ന് 20 മീറ്ററിനുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തു കല്ല് വെട്ടാൻ കുഴി ഉണ്ടാക്കുകയോ കല്ലോ മണ്ണോ പാറയോ മറ്റു സാധനമോ ആ സ്ഥലത്ത് നിന്നും നീക്കം ചെയ്യുവാനോ പാടുള്ളതല്ല. ടി വ്യവസ്ഥ പാലിച്ചാണോ നിലവിൽ പഞ്ചായത്ത് പരിധിയിൽ ക്വാറികൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയ ശേഷമാണോ ലൈസൻസ് അനുവദിച്ച് നൽകിയത് എന്നും വ്യക്തമല്ല.

അനുമതികൾ നൽകിയ എല്ലാ സ്ഥാപനങ്ങളെയും പോലെ തന്നെ, ഏതെങ്കിലും രീതിയിലുള്ള നിയമ ലംഘനങ്ങൾ ക്വാറിയുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ടെങ്കിൽ ജില്ലാ കളക്ടറുടെ സഹായത്തോടെ ക്വാറി അടച്ച് പൂട്ടാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൂടെ ഉത്തരവാദിത്തമാണ്.

ലൈസൻസ് അനുവദിച്ച് നൽകുമ്പോൾ പഞ്ചായത്ത് പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ, മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള പെർമിഷൻ റദ്ദ് ആകുന്ന പക്ഷം പഞ്ചായത്ത് അനുവദിച്ചിട്ടുള്ള ലൈസൻസ് സ്വമേധയാ റദ്ദാകുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നും ലൈസൻസി ലഭ്യമാക്കിയ അനുമതി നിലവിലും സജീവമാണെന്ന് ഉറപ്പിക്കാനുള്ള ഏതെങ്കിലും സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ മതിയായ രേഖകളില്ലാതെ പൗരന്മാരുടെ ജീവനും സ്വത്തിനും

ഭീഷണിയാകുന്ന വിധം ഇത്തരം അതീവ അപകട സാദ്ധ്യത നിലനിൽക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം ഫീൽഡ് തല പരിശോധന നടത്തി വിവിധ വകുപ്പുകളുടെ അനുമതി സംബന്ധിച്ചും ക്വാറിയുടെ പ്രവർത്തനം പഞ്ചായത്ത് നിയമങ്ങൾക്ക് വിധേയമായിട്ടാണോ എന്നത് സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**1-11 ക്വാറികൾ നടത്തിയ സി.എസ്.ആർ/ സി.ഇ.ആർ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമല്ല**

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ O.M:F No.22-65/2017 IA.lii തീയതി 01.05.2018 & 30.09.2020 വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിലെ ക്വാറികളുടെ പരിസ്ഥിതി ക്ലിയറൻസ് (ഇ. സി) പ്രക്രിയയുടെ ഭാഗമായി ക്വാറികൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി. എസ്. ആർ) നടപ്പിലാക്കേണ്ടതാണ്.

നിലവിൽ പ്രവർത്തിച്ചുവരുന്ന 2 ക്വാറികൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ക്വാറി നടത്തുന്ന വ്യക്തി ഒരു എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP) തയ്യാറാക്കേണ്ടതാണെന്നും ഈ പ്ലാൻ ലോക്കൽ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം മാത്രമേ തയ്യാറാക്കാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. ഖനനം മൂലം പാരിസ്ഥിതിക സാമൂഹ്യ മൂല്യച്യുതി സംഭവിക്കാനിടയുള്ള പ്രദേശത്തിന്റെ ഉന്നമനം ലക്ഷ്യം വെച്ച് നടപ്പിലാക്കേണ്ട ഇ എം പി പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ പാരിസ്ഥിതിക അനുമതി റദ്ദ് ചെയ്യുന്നതാണ് എന്നും പാരിസ്ഥിതിക അനുമതിയുടെ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പാരിസ്ഥിതിക അനുമതിയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് പരിധിയിലെ ഖനന സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പിലാക്കിയിരിക്കേണ്ട ഇ എം പി പദ്ധതികളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

**പയ്യോളി ഗ്രാനൈറ്റ്സ്**

| Sl.No. | Particulars | No.Of Units | Amount Required |
|---|---|---|---|
| 1 | കിണർ റീച്ചാർജ് | Rs. 15,000 X 30 Wells | 4,50,000 |
| 2 | സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | Rs. 20,000 X 20 Solar Light | 4,00,000 |
| | | Total | 8,50,000/- |

**വർഷാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടത്**

| Sl. No | Activity | 1ST YEAR | 2ND YEAR | 3RD YEAR | 4TH YEAR | 5TH YEAR | TOTAL |
|---|---|---|---|---|---|---|---|
| 1 | കിണർ റീച്ചാർജ് | 90,000 | 90,000 | 90,000 | 90,000 | 90,000 | 4,50,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 80,000 | 80,000 | 80,000 | 80,000 | 80,000 | 4,00,000 |
| TOTAL | | | | | | | 8,50,000 |

**നടുവത്തൂർ ക്രഷർ**

| Si No | Particulars | Amount |
|---|---|---|
| 1 | ആരോഗ്യ മേഖല | 2,00,000 |
| 2 | വിദ്യാഭ്യാസ മേഖല | 2,00,000 |
| 3 | പാർപ്പിട പരിപാലന പദ്ധതികൾ | 3,00,000 |
| ആകെ | | 7,00,000 |

നടുവത്തൂർ ക്രഷറിന് പാരിസ്ഥിതികാനുമതി അനുവദിച്ചിരിക്കുന്നത് 6.9.2023 വരെയാണ്. മുകളിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന എല്ലാ പദ്ധതികളും ഈ കാലയളവിനുള്ളിൽ പഞ്ചായത്തുമായി കൂടിയാലോചിച്ച് ക്വാറി ഉടമ പഞ്ചായത്ത് പരിധിക്കുള്ളിൽ നടപ്പിലാക്കേണ്ടതായിരുന്നു.

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള ക്വാറികൾ CSR പ്രകാരം തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ രണ്ടാം റിപ്പോർട്ടിലെ ഖണ്ഡിക 4.19 ൽ Corporate Social Responsibility Fund (CSR Fund) നല്കാൻ കഴിയുന്ന എല്ലാ സ്ഥാപനങ്ങളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഔദ്യോഗിക ചർച്ചകൾ നടത്തേണ്ടതും അതനുസരിച്ച് തങ്ങളുടെ പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ഒരു കർമ്മപദ്ധതി തയ്യാറാക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തങ്ങളുടെ പ്രദേശത്തുള്ള, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി ഫണ്ടുകൾ നീക്കിവയ്ക്കാൻ സന്നദ്ധരാകുന്ന കോർപറേറ്റുകൾ ഉൾപ്പെടെയുള്ള, എല്ലാ സ്ഥാപനങ്ങളുടെയും ഒരു യോഗം പദ്ധതി രൂപീകരണ ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റികൾ ചേരുന്നതിനു മുൻപായി വിളിച്ചു ചേർക്കേണ്ടതും ഏതൊക്കെ സ്ഥാപനങ്ങൾ ഏതൊക്കെ പദ്ധതികൾക്ക് ഭാഗികമയോ പൂർണ്ണമായോ എത്രമാത്രം ഫണ്ടുകൾ ലഭ്യമാക്കും എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത വിലയിരുത്തലിന്റെ ഭാഗമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ വാർഷികപദ്ധതിയിൽ ഇത്തരം ഫണ്ടുകൾ ഉപയോഗിച്ച് ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകൾ നിശ്ചയിക്കുകയും അവയിലെ വിഭവ വകയിരുത്തലും വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച ഒരു

കർമ്മ പരിപാടി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത കർമ്മപരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിരേഖയുടെ ഭാഗമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണെന്ന് എഫ്.എം.1/20/2023/ത.സ്വ (എഫ്.എം).ഭ.വ 09.06.2023 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ ഗ്രാമപഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/03.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് വരുമാനം താരതമ്യേന കുറവായ ഗ്രാമപഞ്ചായത്ത് ഇത്തരത്തിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താതെ ലൈസൻസ് അനുവദിക്കുന്ന വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പാരിസ്ഥിതിക സന്തുലനത്തെ ബാധിക്കുന്നതും, കൃത്യമായ വ്യവസ്ഥകളും നിബന്ധനകളും പാലിച്ച് മാത്രം പ്രവർത്തിക്കേണ്ടതുമായ ക്വാറികളും ക്രഷറുകളും പോലെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷം അവയുടെ പ്രവർത്തനത്തിൽ തുടർ നിരീക്ഷണം നടത്തേണ്ടതുണ്ട്. സ്ഥാപനങ്ങൾ നിരാക്ഷേപപത്രങ്ങളും അനുമതി പത്രങ്ങളും പുതുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അപ്രകാരം പുതുക്കിയിട്ടില്ലെങ്കിൽ ലൈസൻസ് റദ്ദാക്കി ചട്ടപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ)നം.1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 13 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 15116 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 4822 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 916 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 20 |

2) ഹരിത കർമ്മസേന

കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന 2018 ജൂൺ മാസം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തു. (രജിസ്ട്രേഷൻ നം. ലഭ്യമാക്കിയിട്ടില്ല). നിലവിൽ 20 പേരടങ്ങുന്ന ഹരിത കർമ്മസേനയിലെ അംഗങ്ങൾ 13 വാർഡിൽ നിന്നായി യൂസർഫീ പിരിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ സെഗ്രിഗേഷൻ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്നു. ദിവസവേതനമായി 400/- രൂപയാണ് സേനാംഗങ്ങൾക്ക് നൽകി വരുന്നത്. (2024 ഒക്ടോബർ മുതൽ വേതനം 450 രൂപയായി ഉയർത്തി നൽകിയിട്ടുണ്ട്). ഹരിത കർമ്മസേനയുടേതായി മറ്റ് സംരംഭങ്ങളൊന്നും ഇതു വരെ ആരംഭിച്ചിട്ടില്ല.

2023-24 ൽ റിജക്ടഡ് വേസ്റ്റ് കയ്യൊഴിയുന്നതിന് (പ്രൊജക്റ്റ് നം.132/23-24) 515885/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയെങ്കിലും നടപ്പാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2023-24/02/12/24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കാലയളവിൽ ഹരിത കർമ്മസേന പിരിച്ചെടുത്ത യൂസർഫീയും, ഹരിത കർമ്മസേനയുടെ ചെലവുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പിരിച്ചെടുത്ത യൂസർ ഫീ | 14,06,457 |
| സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | 0 |
| മറ്റ് വരവ് ( കുപ്പിച്ചില്ല് ) | 13,284 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 13,98,257 |
| റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന് | 0 |

പഞ്ചായത്തിൽ സ്ഥിരം എം.സി.എഫ്. ഇല്ലാത്തതിനാൽ മേൽ കാലയളവിൽ കൃത്യമായ രീതിയിൽ സെഗ്രിഗേഷൻ നടന്നിട്ടില്ലെന്നും ഇക്കാലയളവിൽ ശേഖരിച്ച കുപ്പിച്ചില്ലിന്റെ വരുമാനം 13284/- രൂപ മാത്രമാണ് ഹരിതകർമ്മ സേനയുടെ അക്കൗണ്ടിലേക്ക് ലഭിച്ചതെന്നും ഹരിത സേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്.

4) നിലവിലെ അവസ്ഥ

ക്ലീൻ കേരള എന്ന സ്ഥാപനവുമായി 26.10.2021 ൽ കീഴരിയൂർ ഗ്രാമ പഞ്ചായത്തിന് വേണ്ടി സെക്രട്ടറി

ഒന്നാം കക്ഷിയായും ക്ലീൻ കേരള കമ്പനിക്ക് വേണ്ടി ജില്ലാ ചുമതലയുള്ള അസിസ്റ്റന്റ് മാനേജർ രണ്ടാം കക്ഷിയായും അജൈവ പാഴ്വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യശേഖരണവും കയ്യൊഴിയലും നടന്നു കൊണ്ടിരിക്കുന്നത്. കരാർ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനം ഉറപ്പാക്കൽ, എം.സി.എഫ്./ആർ.ആർ.എഫ്. എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നേതൃത്വപരമായ പങ്ക് എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്. എം.സി.എഫ്/ ആർ.ആർ.എഫുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ താത്കാലികമായതോ സ്ഥിരമായതോ ആയ കെട്ടിട സൗകര്യം, ഇതിലേക്ക് ആവശ്യമായ വൈദ്യുതി, വെള്ളം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

07/10/23 ലെ ഭരണ സമിതി യോഗം അജണ്ട 6 പ്രകാരം ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യം കൈയ്യൊഴിയുന്നതിന് കൃത്യമായ രീതിയിൽ സേവനം നൽകാൻ ക്ലീൻ കേരളക്ക് കഴിയുന്നില്ല എന്നും, നിലവിൽ ഉയർന്ന നിരക്കിലാണ് (ജി.എസ്.ടി. കൂടാതെ കിലോക്ക് 10 രൂപ നിരക്കിൽ) ഈടാക്കി വരുന്നതെന്നും ആയതിനാൽ മറ്റൊരു സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിന് വി.ഇ.ഒ.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെയ്തെങ്കിലും ആയത് സംബന്ധിച്ച തുടർ നടപടി വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2023-24 ൽ ഹരിത കർമ്മസേനയ്ക്ക് ട്രോളി ലഭ്യമാക്കുന്നതിന് 150000/- രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് പ്രത്യക പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ട്. ഇവ ഹരിത കർമ്മസേനക്ക് കൈമാറിയെങ്കിലും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവഴിച്ചതുക |
|---|---|---|
| 1 | 114/23-24, ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ | 1,39,400 |
| ആകെ | | 1,39,400 |

ചുവടെ ചേർക്കുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ 2023-24 ൽ രൂപീകരിച്ചെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | അടങ്കൽ തുക |
|---|---|---|---|
| 1 | 144/23-24 | ഗാർഹിക തലത്തിൽ മാലിന്യം വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ഉപാധികൾ | 1,00,000 |
| 2 | 140/23-24 | ഹരിത കർമ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം | 60,000 |
| 3 | 132/23-24 | പുനചംക്രമണമല്ലാത്ത മാലിന്യം നീക്കം ചെയ്യൽ | 5,15,885 |
| 4 | 134/23-24 | ജൈവ മാലിന്യ സംസ്കരണ സംവിധാനമേർപ്പെടുത്തൽ | 6,51,950 |

ഹരിത കർമ്മസേനക്ക് നിലവിൽ താഴെ പറയും പ്രകാരം ബാങ്ക് അക്കൗണ്ടാണ് ഉള്ളത്.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 40223101062274 | കേരള ഗ്രാമീണ ബാങ്ക് കീഴരിയൂർ | 198317 (31.03.2024 തീയതിയിൽ) |

5) മാലിന്യ ശേഖരണ കാര്യക്ഷമത

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2024 മാർച്ചിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 3933 വീടുകളും 286 മറ്റ് കെട്ടിടങ്ങളുമാണ് ഉള്ളത്. യൂസർഫീ നൽകുവാൻ കഴിവില്ലാത്ത 11 അതിദരിദ്ര കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. മേൽ ഫീ ഗ്രാമപഞ്ചായത്ത് 2023-24 ൽ പ്രത്യേക പദ്ധതിയായി (133/2023-24) 10000/-രൂപ വകയിരുത്തി, 2850/- രൂപ അടവാക്കിയിട്ടുണ്ട്.

2023/2024 മാർച്ച് മാസങ്ങളിൽ യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
| 1820 | 170 | 2582 | 179 |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | | | |
| 91000 | 17050 | 129060 | 12150 |
| പിരിവ് ശതമാനം | | | |
| 46.27 | 59.44 | 65.64 | 62.58 |

ഗ്രാമപഞ്ചായത്തിലെ യൂസർഫീ പിരിവും മാലിന്യ ശേഖരണവും കാര്യക്ഷമമല്ല എന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. ഗ്രാമ പഞ്ചായത്ത് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ SC 1-421/2021പ്രകാരം, 100 പേരിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവർ ഒടുക്കേണ്ട അടിസ്ഥാന യൂസർ ഫീ 250 എന്ന് വിവക്ഷ നൽകിയിട്ടുണ്ടെങ്കിലും ആയതു പ്രകാരമുള്ള ഫീ നാളിതു വരെ ഈടാക്കിക്കാണുന്നില്ല.

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിക്കൽ പ്രവൃത്തി ഇതുവരെ 90 ശതമാനം പൂർത്തിയായതായി വിവരം നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് പദ്ധതിയും ഹരിതമിത്രം ആപ്പും പൂർണ്ണ സജ്ജമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

എം.സി.എഫ് ന്റെ അഭാവം മൂലം 2023-24 ൽ ശേഖരിച്ച വേസ്റ്റ് സെഗ്രിഗേഷൻ നടത്താതെയാണ് ക്ലീൻ കേരളക്ക് നൽകിയിട്ടുള്ളത്. അതു പ്രകാരം 2023-24 ൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നതോടൊപ്പം മാലിന്യം കയറ്റി അയച്ച വകയിൽ കൂടുതൽ തുക ബാധ്യതയാവുകയും ചെയ്തു. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ 2024 ഒക്ടോബർ മുതൽ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതായി ഹരിത കർമ്മ സേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്.

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനായി ശുചിത്വ പദ്ധതിയെക്കുറിച്ച് ഗ്രാമസഭകളിലൂടെയും മറ്റ് പൊതു പരിപാടികളിലൂടെയും ജനങ്ങളെ ബോധവത്കരിക്കുന്നതായി വി.ഇ.ഒ അറിയിച്ചു. എന്നാൽ അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്തതിനും മലിന ജലം ഒഴുക്കിയതിനുമായി പഞ്ചായത്തിൽ 2023-24 ൽ വിവിധ വ്യക്തികളിൽ നിന്നായി 55500/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും പ്ലാസ്റ്റിക് കത്തിക്കുകയും ചെയ്യുന്ന പ്രവണതയ്ക്കെതിരെ ക്രിയാത്മകവും നൂതനവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

ഗ്രാമപഞ്ചായത്തിൽ നിലവിൽ എം.സി.എഫ് ഇല്ലാത്തതിനാൽ സെഗ്രിഗേഷൻ പ്രവൃത്തികൾ നടക്കുന്നില്ല. എം.സി.എഫിന്റെ നിർമാണം വാർഡ്-2 ൽ വടക്കും മുറി എന്ന സ്ഥലത്ത് നടക്കുന്നുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. മിനി എം.സി.എഫുകൾ 13 വാർഡിലുമായി സ്ഥിതി ചെയ്യുന്നു.

എം.സി.എഫ് നിർമ്മാണത്തിനായി ഗ്രാമ പഞ്ചായത്ത് നാളിതു വരെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | പ്രൊജക്ട് നം. | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2022-23 | 66/23 | SBM<br>CFC | 1503100<br>546900 | 841459<br>546900 |
| 2 | 2023-24 | 106/24 | SBM | 661641 | 382578 |
| 3 | 2024-25 | 128/25 | CFC<br>SBM | 423000<br>1050000 | 00<br>170176 |

9)പ്രവർത്തന അവലോകനം

ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. എന്നാൽ ഓരോ മാസവും ശേഖരിച്ച മാലിന്യവും പിരിച്ചെടുത്ത യൂസർ ഫീയും അവലോകനം ചെയ്യുക എന്നതിനപ്പുറം ഹരിത കർമ്മസേന ശാക്തീകരണത്തിന് ഉതകുന്ന രീതിയിലുള്ള ചർച്ചകളൊന്നും അവലോകന യോഗങ്ങളിൽ നടന്നു വരുന്നില്ല.

10) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും, ഹരിത കർമ്മസേനയെ

ശാക്തീകരിക്കുന്നതിനും സ്വയംപര്യാപ്തമാക്കുന്നതിനുമാവശ്യമായ ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് നടപ്പാക്കുന്നില്ല എന്നാണ് മേൽ വസ്തുതകളിൽ നിന്ന് മനസ്സിലാവുന്നത്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.

അപാകതകൾ പരിഹരിക്കുന്നതിനും, ശുചിത്വപരിപാലനം ഉറപ്പാക്കുന്നതിനും, മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് അടിയന്തിരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.
2. സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ അടിയന്തിരമായി പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്.
4. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
5. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.
6. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണ മേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

**1-13 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിക്കാത്തതിന്റെ വിശദാംശങ്ങൾ**

വി.ഇ.ഒ. നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതി പ്രകാരം വിവിധ സാമ്പത്തിക വർഷങ്ങളിൽ കരാർ ഉടമ്പടി വെച്ച് ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെൻറ് വെച്ച തീയതി | ഗ്രാമ പഞ്ചായത്ത് | അർഹമായ ധന സഹായം | നാളിതു വരെ കൈപ്പറ്റിയ തുക | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ഷൈനി | 16.07.22 | കീഴരിയൂർ | 400000 | 40000 | തുടങ്ങിയിട്ടില്ല |
| 2 | രാജേഷ് കുമാർ | 10.06.22 | കീഴരിയൂർ | 400000 | 40000 | ബേസ്മെന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഇന്ദിര | 04.01.23 | കീഴരിയൂർ | 400000 | 40000 | തുടങ്ങിയിട്ടില്ല |
| 4 | ഉണ്ണി | 11.11.23 | കീഴരിയൂർ | 400000 | 237000 | റൂഫ് |
| 5 | ദേവി | 13.01.23 | കീഴരിയൂർ | 400000 | 40000 | ബേസ്മെന്റ് |
| 6 | കല്യാണി | 12.01.23 | കീഴരിയൂർ | 400000 | 40000 | ബേസ്മെന്റ് |
| 7 | പ്രബിഷ | 12.01.23 | കീഴരിയൂർ | 400000 | 140000 | ബേസ്മെന്റ് |
| 8 | മീനാക്ഷി | 04.03.23 | കീഴരിയൂർ | 400000 | 250000 | ലിന്റൽ |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് അന്വേഷണക്കുറിപ്പിന് (നം.02/2023-24/29-11-2024) മറുപടി ലഭ്യമാക്കിയില്ല. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018/ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്. നിർമ്മാണം തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ താത്പര്യമില്ലാത്തവരാണ് എങ്കിൽ അവരിൽനിന്നും തുക പലിശസഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 അജൈവ മാലിന്യ സംസ്കരണ പദ്ധതി -അപാകതകൾ

2021 ഒക്ടോബർ 26 തീയതിയിൽ കീഴരിയൂർ ഗ്രാമ പഞ്ചായത്തിന് വേണ്ടി സെക്രട്ടറി ഒന്നാം കക്ഷിയായും ക്ലീൻ കേരള കമ്പനിക്ക് വേണ്ടി അസിസ്റ്റന്റ് മാനേജർ രണ്ടാം കക്ഷിയായും അജൈവ പാഴ്വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. ആയതു പ്രകാരം 2023-24 ലെ റിജക്റ്റഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനിക്ക് നൽകിയതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | റിജക്റ്റഡ് വേസ്റ്റിന്റെ തൂക്കം (രജിസ്റ്റർ പ്രകാരം) | ഇൻവോയ്സ് നം | വാഹനത്തിന്റെ വിവരം |
|---|---|---|---|
| 13/04/23 | 2560 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 21/04/23 | 2340 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 15/07/23 | 2190 | 0012586 | KL13AB7466 |
| 14/07/23 | 6410 | 0012583 | KL13AB7466 |
| 18/09/23 | 3770 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 19/09/23 | 2110 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 20/10/23 | 5560 | 0006740 | KL-13Z1048 |

| | | | |
|---|---|---|---|
| 20/10/23 | 4710 | 0006739 | KL09N1429 |
| 31/10/23 | 4620 | 0012310 | KL09N1429 |
| 10/11/23 | 3640 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 13/12/23 | 3270 | 0015226 | KL46R7660 |
| 28/12/23 | 3150 | 0015227 | KL46R7660 |
| 23/01/24 | 1830 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 24/01/24 | 1900 | ഫയലിൽ ലഭ്യമല്ല | ഫയലിൽ ലഭ്യമല്ല |
| 27/01/24 | 2440 | 0017762 | KL24R7310 |

അജൈവമാലിന്യ സംസ്കരണം സംബന്ധിച്ച ഉടമ്പടി പ്രകാരമുള്ള തുക ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിനായി 2023-24 ൽ പ്രോജക്ട് നമ്പർ-132/24 പ്രകാരം 515885/- രൂപ അടങ്കൽ നിശ്ചയിച്ച് പദ്ധതി രൂപീകരിച്ചിട്ടുണ്ട് എങ്കിലും നടപ്പാക്കിയിട്ടില്ല. വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായുള്ള മേൽ പദ്ധതി ഏത് കാലയളവിലെ മാലിന്യങ്ങൾ കയറ്റി അയക്കുന്നതിനാണ് രൂപീകരിച്ചിട്ടുള്ളത് എന്നതിന് ഫയലിൽ വ്യക്തതയില്ല.

കൂടാതെ, പട്ടിക പ്രകാരമുള്ള റിജക്റ്റഡ് വേസ്റ്റിന്റെ തൂക്കം കണക്കാക്കിയത് പ്രിൻസ് വെയ് ബ്രിഡ്ജ് വടകര, ലക്ഷ്മി ഇലക്ട്രോണിക് വെയ് ബ്രിഡ്ജ് കൈതക്കൽ, നാഷണൽ വെയ് ബ്രിഡ്ജ് രാമനാട്ടുകര, മലബാർ വെയ് ബ്രിഡ്ജ് തുറക്കൽ, പള്ളിക്കൽ വെയ് ബ്രിഡ്ജ് കൊണ്ടോട്ടി എന്നിങ്ങനെ വിവിധ സ്ഥലങ്ങളിലായാണ്. ഏറ്റവും അടുത്തുള്ള വെയ്ബ്രിഡ്ജിൽ നിന്നും തൂക്കം കണക്കാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. കൂടാതെ തൂക്കം കണക്കാക്കുമ്പോൾ വി.ഇ.ഒ/എച്ച്.ഐ/അസി.സെക്രട്ടറി തുടങ്ങിയവരുടെ സാന്നിധ്യം ഉറപ്പ് വരുത്തിയിട്ടില്ല. മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2023-24, തീയതി 02/12/24) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-15 മാലിന്യ നീക്കത്തിന് വാഹന വാടക നൽകൽ - നിരക്ക് നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല/ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.**

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം, അവ സംഭരിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും, വാർഡുകളിലെ മിനി എം.സി.എഫുകളിൽ നിന്നും കയറ്റി അയക്കുന്നതിന് വാഹന വാടകയിനത്തിൽ തൻവർഷം 1,54,350/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. Sanitation Expenses ഹെഡിൽ 230800110 എന്ന ഹെഡ് കോഡിലാണ് മേൽ ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടുള്ളത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ, അതാത് വാർഡുകളിലെ ഹരിത കർമ്മസേന അംഗങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാഹന വാടക തുക അതാത് അംഗങ്ങളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെയുള്ള അപേക്ഷകളിൽ വാഹനം ഉപയോഗിച്ച ദിവസങ്ങൾ, തീയതി/സമയം എന്നിവ രേഖപ്പെടുത്തുന്നില്ല.

ഉദാഹരണത്തിന് ഫയൽ നമ്പർ 1823/23 പ്രകാരവും, 23.05.23 ലെ 22300092 നമ്പർ വൗച്ചർ

പ്രകാരവും 6, 7 എന്നീ വാർഡുകളിലെ മാലിന്യങ്ങൾ കയറ്റിയ വകയിൽ 2500/- രൂപ ശ്രീമതി ചന്ദ്രിക എന്ന ഹരിതകർമ്മസേനാംഗത്തിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ള KL 56B-1283 എന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം 28.04.23 ന് രാവിലെ 09 മണി മുതൽ ഉച്ചയ്ക്ക് 01.30 വരെ 5.30 മണിക്കൂറാണ് വാഹനം ഓടിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 1000/- രൂപ ഡ്രൈവർക്ക് അനുവദിച്ചതിന്റെയും മാലിന്യങ്ങൾ കയറ്റിയതിനും ഇറക്കിയതിനുമായി 1500/- രൂപ അനുവദിച്ചതിന്റെയും വൗച്ചറുകൾ ഫയലിൽ ചേർത്തിട്ടുണ്ട്.

വാർഡ് 12 ലെ മാലിന്യങ്ങൾ കയറ്റിയ വകയിൽ വാഹന വാടകയായി 1650/- രൂപ സതി എന്നവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം 20.03.24, 26.04.24 എന്നീ തീയതികളിലായി ആകെ 6 മണിക്കൂർ വാഹനം ഓടിയതിനാണ് 1650/- രൂപ നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

അതുപോലെ വാർഡ് 9 ലെ മാലിന്യങ്ങൾ കയറ്റിയ വകയിൽ വാഹന വാടകയായി 1750/- രൂപ ബിന്ദു എന്നവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. KL56R-9134 നമ്പറിലുള്ള വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ 20.04.23 ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ 4 മണിക്കൂർ വാഹനം ഓടിയതായി രേഖപ്പെടുത്തുകയും ആയതിന് 750/- രൂപ ഡ്രൈവർക്കനുവദിച്ചതിന്റെ വൗച്ചർ ഫയലിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ വാഹനത്തിന്റെ ഇതേ തിയതിയിലെയും സമയത്തിലെയും ട്രിപ്പ് ഷീറ്റ് പ്രകാരം 1000/- രൂപ വീണ്ടും അനുവദിച്ചതായി കാണുന്നു.

കൂടാതെ ഫയൽ നമ്പർ 3262/23 പ്രകാരം 15,000/- രൂപയും ഫയൽ നമ്പർ 3674/23 പ്രകാരം 7,000/- രൂപയും അനുവദിച്ചിട്ടുള്ളത് ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്കാണ്. വാഹന വാടകയിനത്തിൽ തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മേൽ ചേർത്ത ഉദാഹരണങ്ങളിൽ നിന്നും വാഹന വാടക അനുവദിക്കുന്നതിന് ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടില്ല എന്ന് വ്യക്തമാണ്. മാത്രമല്ല ട്രിപ്പ് ഷീറ്റുകളിലൊന്നും ആകെ കിലോമീറ്റർ രേഖപ്പെടുത്തുന്നുമില്ല. അതായത് വാടക അനുവദിച്ചിട്ടുള്ളത് ആകെ വാഹനം ഓടിയ മണിക്കൂറിനെയോ ദിവസങ്ങളെയോ അടിസ്ഥാനപ്പെടുത്തിയല്ല എന്ന് വ്യക്തമാണ്. ഈ രീതിയിലാണ് 2023-24 വർഷം പൂർണ്ണമായും വാഹന വാടകയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്. ആവർത്തന സ്വഭാവമുള്ള ചെലവായതിനാൽ ഒരു വർഷത്തേയ്ക്ക് മാലിന്യം കയറ്റി എം.എസി.എഫിൽ എത്തിക്കുന്നതിന് താത്പര്യമുള്ള ആളുകളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ചായിരുന്നു വാഹന വാടകയിനത്തിൽ തുക നൽകേണ്ടിയിരുന്നത്. ഒരു ദിവസത്തേയ്ക്ക് എന്ന നിരക്കിലോ കിലോമീറ്ററിന് ആനുപാതികമായോ നിരക്ക് നിശ്ചയിക്കേണ്ടതിന് പകരം മേൽ സൂചിപ്പിച്ചത് പ്രകാരം ഹരിതകർമ്മസേനാംഗങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിൽ വാടക അനുവദിച്ചത് ക്രമപ്രകാരമല്ല. മാത്രമല്ല ഈ തുകകൾ അതാത് ഡ്രൈവർമാരുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത് എന്നിരിക്കേ ഹരിത കർമ്മസേനാംഗങ്ങളുടെ അക്കൗണ്ടിലേക്ക് അനുവദിച്ച നടപടിയും അംഗീകരിക്കാനാവില്ല. കൂടാതെ വാർഡ് 9 ൽ ഒരേ ആവശ്യത്തിന് രണ്ടു തവണ വാടക അനുവദിച്ചതും അംഗീകരിക്കുന്നില്ല. അധികം നൽകിയ 1000/- രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഹരിത കർമ്മസേനാംഗങ്ങൾക്ക് ഇത്തരത്തിൽ നൽകിയ തുകകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും അധികം നൽകിയ തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

2. 122/23 നമ്പർ പ്രൊജക്ട് പ്രകാരം 2023-24 വർഷം മാലിന്യ നിർമ്മാർജ്ജനത്തിനായി ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങിയിട്ടുണ്ടെങ്കിലും ത.സ്വ.ഭ.വകുപ്പിന്റെ 25.08.23 ലെ 1739/23/LSGD നമ്പർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം വാഹനത്തിന്റെ ഉപയോഗം, ഡ്രൈവറുടെ വേതനം എന്നീ

കാര്യങ്ങളിലും വാഹനത്തിന്റെ ചുമതല ഏല്പിച്ചും ഡ്രൈവറുടെ ഉത്തരവാദിത്തങ്ങൾ സംബന്ധിച്ചും ഇതുവരെ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് 2024-25 വർഷം രൂപീകരിച്ച പ്രൊജക്ടിന്റെ വിശദാംശങ്ങളും ചെലവഴിച്ച തുകയുടെ വിവരങ്ങളും വാഹന ഉപയോഗം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാനും ക്രമ നം. 1 ലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/23-24 തിയതി 03.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ 1 പ്രകാരം അധികം നൽകിയ 1000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി വാങ്ങിയ വാഹനം ഓടിക്കാൻ ലൈസൻസും താത്പര്യവുമുള്ളവർ ഹരിത കർമ്മസേനയിൽ ഉണ്ടെങ്കിൽ മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതിന് ഹരിത കർമ്മസേനയെ ഏല്പിക്കാവുന്നതും അല്ലാത്ത പക്ഷം പുറത്തു നിന്നും ഡ്രൈവറെ നിയോഗിച്ച് സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നിശ്ചയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

**1-16 മറ്റ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ - തുക റീ ക്ലൂപ്പ് ചെയ്യുന്നില്ല**

തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചുള്ള ഒറോക്കന്ന് കുടിവെള്ള പദ്ധതി, വികസന ഫണ്ട് വിനിയോഗിച്ച് അസി.എഞ്ചിനീയറുടെ വാഹനത്തിന്റെ വാടക നൽകുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ, പിന്നീട് അതാത് ഫണ്ടുകളിൽ നിന്ന് റീക്ലൂപ്പ് ചെയ്യുണമെന്ന വ്യവസ്ഥയിൽ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ തനതു ഫണ്ടിൽ നിന്ന് മുൻകൂർ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികൾക്കായി മുൻകൂർ അനുവദിച്ച തുക നാളിതുവരെ തനതു ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഫയൽ നമ്പർ - 3865/22 - ഒറോക്കന്ന് കുടിവെള്ള പദ്ധതി

തുക - 76,038/-

വൗച്ചർ നമ്പർ - 22300351/21.08.23

2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട, ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ ഒറോക്കന്ന് കുടിവെള്ള പദ്ധതിയ്ക്കായി PWD ഉടമസ്ഥതയിലുള്ള അരിക്കുളം മുത്താമ്പി റോഡ് കട്ടിംഗിനുള്ള അനുമതിയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെ അനുമതി തേടുകയും പ്രസ്തുത വകുപ്പിന്റെ 30.11.22 ലെ C1-Row/1051050/22 നമ്പർ കത്ത് പ്രകാരം റോഡ് റെസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 76038/- രൂപ അടവാക്കുന്നതിനുള്ള എസ്റ്റിമേറ്റ് പഞ്ചായത്തിന് നൽകുകയും തുക അടവാക്കുന്നതിനു വിധേയമായി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 24.12.22 ലെ 4/1 തീരുമാന പ്രകാരം പദ്ധതി എത്രയും വേഗം നടപ്പാക്കേണ്ടതിനാലും നിലവിൽ റിവിഷൻ എനേബിൾ ചെയ്തിട്ടില്ലാത്തതിനാലും റോഡ് കട്ടിങ്ങിനാവശ്യമായ റെസ്റ്റോറേഷൻ തുക താത്കാലികമായി തനത് ഫണ്ടിൽ നിന്നും അടവാക്കി പിന്നീട് പ്രൊജക്ട് തയ്യാറാക്കി റീ ക്ലൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ തനത്ഫണ്ടിൽ നിന്നും മേൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

2. ഫയൽ നമ്പർ 3324/23 അസി.എഞ്ചിനീയറുടെ വാഹന വാടക

തുക - 35750/-

വൗച്ചർ നമ്പർ 22300441/05.10.23

അസി.എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കൽ പദ്ധതിയ്ക്കായുള്ള 40/24 പ്രൊജക്ട് പ്രകാരം വകയിരുത്തിയ വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ച് കഴിഞ്ഞതിനാൽ ആയത് താത്കാലികമായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പിന്നീട് വികസന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക തനതു ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്യാവുന്നതാണെന്നും 07.09.23 ലെ 2/2(2) ആയി പഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ തുക തനതു ഫണ്ടിൽ നിന്നും ഇതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയും നാളിതുവരെ തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന് താരതമ്യേന തനതു വരുമാനം കുറവായിട്ടും ഇത്തരത്തിൽ ചെലവഴിച്ച തുകകൾ തനതുഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യാത്തത് സംബന്ധിച്ച് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/23-24 തിയതി 30.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ ചെലവഴിച്ച തുകകൾ തനതുഫണ്ടിലേക്ക് റീക്ലപ്പ് ചെയ്ത് അറിയിക്കേണ്ടതാണ്.

**1-17 ഹൈമാസ്റ്റ് ലൈറ്റ് എ.എം.സി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല**

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 128/24 |
| അടങ്കൽ | 40,000 (തനതു ഫണ്ട്) |
| ചെലവ് തുക | 19,447 (തനതു ഫണ്ട്) |
| ബിൽ സാങ്ഷൻ നമ്പർ, തിയതി | 98/29.09.23 |

ഗ്രാമ പഞ്ചായത്തിലെ ഹൈമാസ്റ്റ് ലൈറ്റിന് എ.എം.സി വെയ്ക്കുന്നതാണ് പദ്ധതി. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ പി.പി. ഇലക്ട്രിക്കൽസ്, കൊണ്ടോട്ടി, എം.ക്യൂബ് അസോസിയേറ്റ്സ്, പാലക്കാട് എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത പി.പി. ഇലക്ട്രിക്കൽസ്, കൊണ്ടോട്ടി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ഇതിനായി 19,447/- രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (18.09.23 ലെ 4/1 നമ്പർ പഞ്ചായത്ത് തീരുമാനം) പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ലോമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റുകളുമായി ബന്ധപ്പെട്ട് ആയവ സ്ഥാപിച്ച സ്ഥലം, വർഷം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നിലവിൽ വാറന്റി/എ.എം.സി ഉള്ളവയ്ക്കാണോ തുക ചെലവഴിച്ചതെന്ന് പരിശോധിക്കാനായിട്ടില്ല.

2. സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനിൽ, എ.എം.സി പ്രകാരം മാറ്റി സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് ഒരു വർഷത്തെ വാറന്റി ഓഫർ ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനവുമായി വെച്ച 20.09.23 ലെ 4/23-24 നമ്പർ കരാറിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 19447/- രൂപ തടസ്സപ്പെടുത്തുന്നു.

**1-18 ആർജ്ജിതാവധി – അനുവദിച്ച അവധികൾ ലീവ് അക്കൗണ്ടിൽ കുറവ് ചെയ്തില്ല**

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന ജീവനക്കാരുടെ ആർജ്ജിതാവധി കണക്കാക്കിയതിൽ അപാകത ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

**1. ശ്രീമതി വിജ്ജല.പി, സീനിയർ ക്ലർക്ക്**

സേവനത്തിൽ പ്രവേശിച്ച ആദ്യ വർഷം 1/22 എന്ന നിരക്കിലാണ് ആർജ്ജിതാവധി കണക്കാക്കേണ്ടത്. എന്നാൽ ടിയാളുടെ ആർജ്ജിതാവധി അക്കൗണ്ട് പരിശോധിച്ചതിൽ, സേവനത്തിൽ പ്രവേശിച്ച 11.09.2013 മുതൽ 10.09.2014 വരെ 1/22 എന്ന നിരക്കിൽ അവധി കണക്കാക്കുന്നതിന് പകരം 11.09.2013 മുതൽ 31.03.2014 വരെ 1/22 എന്ന നിരക്കിലും 01.04.2014 മുതൽ 10.09.2014 വരെ 1/11 എന്ന നിരക്കിലുമാണ് ആർജ്ജിതാവധി കണക്കാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഇത് 6 അവധികൾ തെറ്റായി അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്നതിന് കാരണമായിട്ടുണ്ട്. ആർജ്ജിതാവധി അക്കൗണ്ടിൽ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

**2. ശ്രീമതി ബേബി സ്മിത, അക്കൗണ്ടന്റ്**

ടിയാളുടെ സേവന പുസ്തകം പരിശോധിച്ചതിൽ, ചുവടെ ചേർത്ത തിയതികളിൽ എടുത്ത ആർജ്ജിതാവധികൾ, ആർജ്ജിതാവധി അക്കൗണ്ടിലെ നീക്കിയിരിപ്പിൽ നിന്ന് കുറച്ചില്ല എന്നും ടി അവധികൾ 01.04.2024 മുതൽ 31.08.2024 വരെയുള്ള ആർജ്ജിതാവധി കണക്കാക്കുന്ന ദിവസങ്ങളിൽ നിന്നും കുറവ് ചെയ്തില്ല എന്നും കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഹാജർ രജിസ്റ്റർ പ്രകാരവും സേവന പുസ്തകം പ്രകാരവും അനുവദിച്ച ആർജ്ജിത അവധികൾ | ആകെ അവധികൾ |
|---|---|
| 17.04.2024 മുതൽ 23.04.2024 വരെ | 7 |
| 04.05.2024 മുതൽ 09.05.2024 വരെ | 6 |
| 18.06.2024 മുതൽ 29.06.2024 വരെ | 12 |
| 03.07.2024 മുതൽ 08.07.2024 വരെ | 6 |
| 12.08.2024 മുതൽ 19.08.2024 വരെ | 8 |
| ആകെ | 39 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/23-24 തിയതി 30.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ ലീവ് അക്കൗണ്ടുകൾ ക്രമപ്പെടുത്തി അറിയിക്കേണ്ടതാണ്.

**1-19 സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി – സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ അപാകത**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 16/24 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 2,00,000 (വികസന ഫണ്ട്) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/ തിയതി |
| 1,00,724/- | 310/24.03.24 |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിന് തുക ചെലവഴിക്കുന്നതാണ് പ്രൊജക്ട്. ഇതിനായി 18.08.2023 ൽ Sc2-1401/23 നമ്പറായി ടെണ്ടർ പരസ്യം ചെയ്യുകയും ലഭ്യമായ 2 ടെണ്ടറുകളിൽ, പവർ പോയിന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ നിരക്ക്

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് തീരുമാനം നം.4/1തിയതി 18.09.23) ആയത് പ്രകാരം 18 വാട്ട്സിലുള്ള 100 ഓർഡിനറി ബൾബുകൾക്ക് 472/- രൂപ നിരക്കിലും, 289 ഓട്ടോമാറ്റിക്ക് ബൾബുകൾക്ക് 708/- രൂപ നിരക്കിലും ഉൾപ്പെടെ 389 ബൾബുകൾക്കായി ആകെ 2,51,812/- രൂപയുടെ ബിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ മേൽ തുകയുടെ 40% തുകയായ 1,00,724/- രൂപ തൻവർഷം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ, (തിയതി രേഖപ്പെടുത്തിയിട്ടില്ല) അരിക്കുളം കെ.എസ്.ഇ.ബി. സെക്ഷന്റെ കീഴിൽ 265 ബൾബുകളും, മേപ്പയ്യൂർ കെ.എസ്.ഇ.ബി. സെക്ഷന്റെ കീഴിൽ 32 ബൾബുകളും ഉൾപ്പെടെ ആകെ 297 ബൾബുകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ, 13 വാർഡുകളിലായി ആകെ 389 എൽ.ഇ.ഡി ബൾബുകൾ ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. നിലാവ് പദ്ധതിയിൽ (അരിക്കുളം കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷന്റെ 11.01.23 ലെ കത്ത്) വിവിധ വാർഡുകളിലായി 66 ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. 389 ബൾബുകൾ ഏത് കാലയളവിൽ സ്ഥാപിച്ചതാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാറന്റി പിരീഡിലുള്ളവയും എ.എം.സി യിൽ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. അല്ലാത്ത പക്ഷം നിലവിലുള്ള മുഴുവൻ ബൾബുകൾക്കും എ.എം.സി വെച്ചതിന്റെ ആവശ്യകതയും ഉറപ്പു വരുത്താനായിട്ടില്ല. മാത്രമല്ല, എത്ര ബൾബുകൾക്കാണ് എ.എം.സി എന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടുമില്ല. ഇതിൽ നിന്നും വ്യക്തമായ വിവരത്തിന്റെ അഭാവത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയത് എന്ന് വ്യക്തമാണ്.

2. ലഭ്യമായ ടെണ്ടറുകളിൽ നിന്ന് പവർ പോയിന്റ് ഇലക്ട്രോണിക്സ്, കൊയിലാണ്ടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഫയൽ പ്രകാരം ടെണ്ടറിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളിൽ പി.പി.ഇലക്ട്രിക്കൽസ്, കൊണ്ടോട്ടി എന്ന സ്ഥാപനം 12/18/2024 വാട്ട്സിലുള്ള ബൾബുകൾക്ക് ജി.എസ്.ടി ഉൾപ്പെടെ 613/- രൂപയും ഒരു വർഷ വാറന്റിയുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ഓർഡിനറി/ഓട്ടോമാറ്റിക്ക് ബൾബുകൾക്ക് പ്രത്യേക നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പവർ പോയിന്റ് ഇലക്ട്രോണിക്സ്, കൊയിലാണ്ടി എന്ന സ്ഥാപനം 18 വാട്ട്സിലുള്ള ബൾബുകൾക്ക് മാത്രമാണ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്. മാത്രമല്ല ഓർഡിനറിയ്ക്കും ഓട്ടോമാറ്റിക്കിനും പ്രത്യേകം നിരക്ക് രേഖപ്പെടുത്തിയിട്ടുമുണ്ട്. ഓട്ടോമാറ്റിക്കിന് 600+ ജി.എസ്.ടി യും (708/-), ഓർഡിനറിയ്ക്ക് 400+ ജി.എസ്.ടി (472/-) യുമാണ് ക്വാട്ട് ചെയ്ത നിരക്ക്. ഇങ്ങനെ വ്യത്യസ്ത രീതിയിൽ ലഭ്യമാക്കിയ ടെണ്ടറുകൾ താരതമ്യപ്പെടുത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിനെ തിരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിലാണ് എന്ന് വ്യക്തമല്ല.

ഏതൊക്കെ വാട്ട്സിലുള്ള ബൾബുകൾക്കുള്ള നിരക്കുകളാണ് ക്വാട്ട് ചെയ്യേണ്ടത് എന്നത് സംബന്ധിച്ചോ ഓരോ തരം ബൾബുകൾക്കും (ഓർഡിനറി/ഓട്ടോമാറ്റിക്ക്) പ്രത്യേകം നിരക്ക് രേഖപ്പെടുത്തണം എന്നത് സംബന്ധിച്ചോ, വാറന്റി സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ സമർപ്പിക്കണം എന്ന നിബന്ധന ഇതുമായി ബന്ധപ്പെട്ട ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

അംഗീകരിച്ച സ്ഥാപനം ലഭ്യമാക്കിയ ബിൽ പ്രകാരം 18 W ഓട്ടോമാറ്റിക്ക് ബൾബുകൾക്ക് ഒന്നിന് 708/- രൂപ പ്രകാരം ആകെ 1,73,400/- രൂപ വരുന്നുണ്ട്. എന്നാൽ ടെണ്ടറിൽ നിന്നും ഒഴിവാക്കിയ സ്ഥാപനം ഏത് തരത്തിലുള്ള ബൾബാണെന്ന് രേഖപ്പെടുത്തിട്ടില്ലെങ്കിലും 18 W ന് രേഖപ്പെടുത്തിയ നിരക്ക് 613/- മാത്രമാണ്. സ്ഥാപനങ്ങളുമായി നെഗോഷിയേറ്റ് ചെയ്യാതെ ഇത്തരത്തിൽ പദ്ധതി നടപ്പാക്കിയതും അംഗീകരിക്കാവുന്നതല്ല.

3. മാത്രമല്ല, ടെണ്ടറിൽ നിന്നും ഒഴിവാക്കിയ പി.പി ഇലക്ട്രിക്കൽസ്, കൊയിലാണ്ടി എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ എ.എം.സി പ്രകാരം മാറ്റി സ്ഥാപിക്കുന്ന ബൾബുകൾക്ക് ഒരു വർഷത്തെ വാറന്റി ഓഫർ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയ പവർ പോയിന്റ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ രേഖകളിലോ, എഗ്രിമെന്റിലോ, ബില്ലിലോ ഇത്തരത്തിൽ വാറന്റി സംബന്ധിച്ച വ്യവസ്ഥകൾ ഓഫർ ചെയ്തിട്ടില്ല. ഇത്തരം മാനദണ്ഡങ്ങൾ പരിഗണിക്കാതെ പദ്ധതി നടത്തിപ്പിന് സ്ഥാപനത്തെ തിരഞ്ഞെടുത്തതും വിശദീകരിക്കേണ്ടതാണ്. കൂടാതെ ടെണ്ടർ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങളിൽ ഒരു സ്ഥാപനം ജി.എസ്.ടി ഉൾപ്പടെയുള്ള നിരക്കും മറ്റ് സ്ഥാപനം ജി.എസ്.ടി ഒഴികെയുള്ള നിരക്കുമാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

4. തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സ്ഥാപനവുമായി വെച്ച 5/23-24 നമ്പർ എഗ്രിമെന്റിലെ വ്യവസ്ഥകൾ 9, 10 എന്നിവ പ്രകാരം കരാർ തിയതി മുതൽ കേടായിട്ടുള്ള എല്ലാ ബൾബുകളുടെയും റിപ്പയർ പൂർത്തിയാക്കിയതിനെ തുടർന്ന് കേടുവരുന്ന എല്ലാ തെരുവ് വിളക്കുകളും ഗ്രാമ പഞ്ചായത്ത് കരാറുകാരനെ അറിയിച്ച് 14 ദിവസത്തിനകം റിപ്പയർ ചെയ്ത് പ്രവർത്തന സജ്ജമാക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/23-24 തിയതി 30.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,00,724/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഫോംവർക്കിന്റെ ആവശ്യം പരിഗണിക്കാതെ നിരക്കൾപ്പെടുത്തുന്നു

പ്രോജക്റ്റ്നം : 61/23-24

അടങ്കൽ : 7,50,000/-

ചെലവ് : 2,50,000/-

ബിൽ നം. : 334/26.3.24

പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നടുവത്തൂർ ശിവക്ഷേത്രം കുറുമയിൽ താഴെ റോഡ് എന്ന പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഫോം വർക്ക് ഉൾപ്പെടുന്ന 75.8.1 ഇനമാണ്. 29.11.2024 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ആവശ്യമില്ലാത്ത സ്ഥലമാണെന്ന് കാണുന്നു. ആയതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് 75.8.1 ഇനത്തിനു പകരം 75.8.1.1.A ഇനം ഉൾപ്പെടുത്തിയിരുന്നെങ്കിൽ അധികചെലവ് ഒഴിവാക്കാമായിരുന്നു. റോഡിൽ പ്രവൃത്തി നടത്തിയ സ്ഥലത്ത് ഫോം വർക്ക് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാരന് അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഫോം വർക്കിന്റെ ആവശ്യകത പരിശോധിക്കാതെയാണ് മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ഫോം വർക്ക് ഉൾപ്പെടുന്ന ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 02.12.2024 ന് നൽകിയ എൻക്വയറി നം.7 ന് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ഒറോക്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നം : 103/23-24

ഫണ്ട് : ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ തുക : 5,35,387/-

ചെലവ് തുക : 3,68,487/-

ബിൽനം : 180/9.1.24 - 3,68,487/-

കീഴരിയൂർ പഞ്ചായത്തിൽ ഒറോക്കുന്ന് പ്രദേശത്തെ 51 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ളതാണ് പദ്ധതി. 16.11.22 ന് കരാർ വച്ച പദ്ധതിയുടെ പൈപ്പ് ലൈൻ വർക്ക് 2023-24 സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. മോട്ടോർ സ്ഥാപിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും പരിഹരിച്ചിട്ടില്ല. 2023-24 സാമ്പത്തികവർഷം 9,10,217/- അടങ്കലിൽ പുതിയ പ്രോജക്ട് രൂപീകരിച്ചുവെങ്കിലും തൻവർഷം ചെലവില്ല. പദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ നിലവിലുള്ള ടാങ്കിന് പതിനഞ്ച് വർഷത്തോളം പഴക്കമുള്ളതിനാലും ചോർച്ച ഉള്ളതിനാലും പൊളിച്ചുമാറ്റി 4 പി.വി.സി വാട്ടർടാങ്ക് സ്ഥാപിക്കാൻ 27.11.23 ലെ തീരുമാനം നം.3/1 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ശരിയായ സ്ഥലപരിശോധനയുടെ അഭാവത്തിലാണ് പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. അതുകൊണ്ട് തന്നെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ലക്ഷ്യം കാണുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്നു കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമല്ല. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-22 നിർമ്മാണപ്രവർത്തികളുടെ ഇൻഷ്വറൻസ് ലഭ്യമാക്കിയില്ല

നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭ തിയ്യതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്ട് ലയബിലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ കരാറുകാർ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷ്വറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ച് കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നു. ഇല്ലാത്ത പക്ഷം കരാർ തുകയുടെ 0.2% രൂപ ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതാണ്. ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ മുഴുവൻ പ്രവൃത്തികളിൽനിന്നും ഇൻഷ്വറൻസ് ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു. ഇൻഷ്വറൻസ് ലഭ്യമാക്കാത്ത കരാറുകാർക്ക് ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | കരാർതുക |
|---|---|---|---|
| 1 | 155/23-24. ശിശുസൗഹൃത ടോയ്‌ലറ്റ് | രവീന്ദ്രൻ. എ.സി | 1,30,685 |
| 2 | 44/24. ഹോമിയോ ഡിസ്പെൻസറി യോഗാഹാൾ നവീകരണം | നൗഷാദ്. കെ.കെ | 3,28,698 |

ബിഡ് ഡോക്യുമെന്റിലും, ലെറ്റർ ഓഫ് ആക്സപ്റ്റൻസിലും നിർദ്ദേശിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 02.12.2024 ന് നൽകിയ എൻക്വയറി നം.8 ന് മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 26.11.2024, 27.11.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷം സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,50,000 |
| | 3,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 3,00,000 |
| | 3,50,000 | ലൈഫ് ജനറൽ | 3,50,000 |
| | 1,81,980 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, യൂണിഫോം, പഠനോപകരണ ങ്ങൾ, പഠനയാത്ര | 1,81,980 |
| | | ആകെ തുക | 12,81,980 |
| ജില്ലാ പഞ്ചായത്ത് | 4,00,000 | ലൈഫ് ഭവനം- ജനറൽ | 4,00,000 |
| | 1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 |
| | 62,040 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, യൂണിഫോം, പഠനോപകരണങ്ങൾ, പഠനയാത്ര | 62,040 |
| | 3,50,000 | ലൈഫ് ഭവനം (പട്ടികജാതി) | 3,50,000 |

| | | | |
|---|---|---|---|
| | 1,50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,50,000 |
| **ആകെ തുക** | | | **10,62,040** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD | ഓാറോക്കുന്ന് കുടിവെള്ള പദ്ധതി- റോഡ് കട്ടിങ്ങ് ചാർജ് | 22300351/ 21.8.23 | 76,038 | 0 | 76,038 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ- വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | - | 77,37,869 | 11,84,027 | - | 65,53,842 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

**4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോ ഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതു പരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവന നിർമ്മാണം-പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ-തൊഴിൽ ലഭ്യമാക്കൽ-MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതന വിതരണ ത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല. | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15 (അവലോ കനം) | 4.3.2 | 60 വയസ്സ് പൂർത്തി യാകാത്തവർക്ക് പെൻഷൻ | |
| 2019-20 | 1-17,1-18 | 2020-21 | അനുബന്ധം-2-1 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം- 1-1 | പെൻഷൻ അപേക്ഷകൾ | |
| 2019-20 | 1-15 | 2020-21 | അനുബന്ധം-1-15 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | |

**4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,98,02,851 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,54,96,393 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,20,171 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 19,447 | ശ്രീ അൻസാർ.കെ<br>സെക്രട്ടറി |
| 1-19 | 1,00,724 | ശ്രീ. അൻസാർ. കെ<br>സെക്രട്ടറി |
| **ആകെ** | 1,20,171 | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അൻസാർ. കെ | സെക്രട്ടറി,<br>മണിയൂർ ഗ്രാമ പഞ്ചായത്ത് | കുന്നത്ത് വീട് ,<br>പയ്യോളി അങ്ങാടി പി.ഒ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1315/2018 തീയതി-01.08.2018 | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി5/ 805/2022 തീയതി 19.04.2023 | 2 | 27(എ), 38 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/ 1315/2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി5 / 805/22 തീയതി 19.04.2023 | 1 | 3-4 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി5/ 805/2022 തീയതി 19.04.2023 | 1 | 3-7 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി5/ 805/2022 തീയതി 19.04.2023 | 3 | 2-2, 2-6, 3-3 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി1 / 648/2019 തിയതി-27.05.2019 | 14 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-10, 3-11, 3-15, 3-16, 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി5/ 148/22 തിയതി-19.04.23 | 2 | 1-6, 1-5 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1271/2021 തിയതി-17.01.22 | 13 | 1-2(5), 1-4(1),<br>1-7-1 (സമാഹൃതം),<br>1-9, 1-11, 1-12, 1-13,1-14,<br>1-15(സമാഹൃതം),<br>1-16,<br>1-17(സമാഹൃതം),<br>1-18 (സമാഹൃതം),<br>1-19 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി5/ 703/2023 തിയതി 14.03.24 | 19 | 1-5, 1-8, 1-9, 1-10, 1-11, 1-14, 1-15, 1-18, 1-19, 1-20, 1-22, 1-24, 1-26, 1-27, 1-30, 1-31, 1-35, 2-1, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./പി5/ 2340/2022 തിയതി 27.05.23 | 9 | 1-1,1-2,1-4(1),<br>1-8,1-9,1-11,<br>1-14,1-18,1-22 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി./ പി10/604/2024 തിയതി 07.05.24 | 13 | 1-1, 1-1-1, 1-1-2, 1-1-3, 1-1-4, 1-8, 1-9, 1-11, 1-14, 1-15, 1-16, 1-17, |

| | | | |
|---|---|---|---|
| | | | 4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 18/2023 dated 1/2024 dated 29-05-2024 and submitted on 06-12-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Keezhariyur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Keezhariyur Grama Panchayat as on 31-03-2024

**Date: 23/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Keezhariyur Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted 1) Basic Ratios 2) Note to Accounts.

2. In Cash Flow Statement, Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. No time bound demand entries in the ledger of Property Tax and Profession Tax.
4. Expenditure booked in wrong account head
5. Expenditure not reflected in appropriate head.
6. Excess entry of bank interest
7. No time bond forfeiture of deposits

## **അനുബന്ധം-2**

## **ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്